**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **18-01-2021 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്ന് വ്യക്തമാക്കാമോ ; | (എ) | എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5 ൽപ്പെട്ട എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി കൈമാറുന്നതിനുള്ള എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28/01/2019 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എടച്ചേരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് ഉത്തരവായിട്ടില്ല. |
| (ബി) | കെട്ടിടനിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി കൈമാറ്റത്തിന് പഞ്ചായത്ത് വകുപ്പ് കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർക്ക് വീണ്ടും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർക്ക് വീണ്ടും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ